# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4685 05/02/2014 ൽ മറുപടിക്ക്

## ഗ്രാമീണ വികസനപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം;<br>,, എ.റ്റി.ജോർജ്;<br>,, സണ്ണി ജോസഫ്;<br>,, സി. പി. മുഹമ്മദ്; | ശ്രീ.കെ.സി ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| (എ) | ഗ്രാമീണ വികസനപദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ; | (എ) യും (ബി) യും<br>ഗ്രാമീണ വികസന പദ്ധതികൾ ഫലപ്രദമായി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെയും ഭൂപ്രദേശം, അവിടുത്തെ ജനങ്ങൾ തുടങ്ങിയവയുടെ സമഗ്ര പുരോഗതി മുന്നിൽകണ്ട് വിശദമായ മാർഗ്ഗരേഖ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇന്ദിരാ ഭവന പദ്ധതി, സംയോജിത നീർത്തട പദ്ധതി, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ബി.ആർ. ജി.എഫ്, പി.എം.ജി.എസ്.വൈ, പി.യു. ആർ.എ ആർ.ഡി.എഫ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് പദ്ധതികൾ രൂപവത്ക്കരിച്ച് ടി സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | |

| | | | |
|---|---|---|---|
| (സി) | പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാ ക്കുമോ; | (സി) | 2013-14 ലെ എല്ലാ വാർഷിക പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ആരെല്ലാമാണ് പദ്ധതികൾക്ക് സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കേന്ദ്ര സംസ്ഥാന സർക്കാരുകളും സന്നദ്ധ സംഘടനകളും ഗുണഭോക്താക്കളും മറ്റിതര സർക്കാർ ഏജൻസികളും സഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ